LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1. തിരുവനന്തപുരം
2. കൊല്ലം
3. ഇടുക്കി
4. കോട്ടയം
5. എറണാകുളം
6. പത്തനംതിട്ട
7. തൃശ്ശൂർ
8. മലപ്പുറം
9. പാലക്കാട്
10. കോഴിക്കോട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ.

(ബി)

			രൂപ
1.	തിരുവനന്തപുരം	..	50 കോടി
2.	കൊല്ലം	..	75 ,,
3.	ഇടുക്കി	..	175 ,,
4.	എറണാകുളം	..	55 ,,
5.	കോട്ടയം	..	35 ,,
6.	പത്തനംതിട്ട	..	27 ,,
7.	തൃശ്ശൂർ	..	102.82 ,,
8.	മലപ്പുറം	..	100 ,,
9.	പാലക്കാട്	..	100 ,,
10.	കോഴിക്കോട്	..	20 ,,

(സി) നൽകിയിരുന്നു.

(ഡി) റിസർവ്വ് ബാങ്ക് നിർദ്ദേശം ലഭിച്ച പ്രകാരം എറണാകുളം, പാലക്കാട് ജില്ലാ സഹകരണ ബാങ്കുകൾ മൊത്തം ട്രഷറി നിക്ഷേപവും പിൻവലിച്ചു. പിൻവലിച്ച തുക പ്രാഥമിക സംഘങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ട്.

(ഇ) അതേ.

(എഫ്) ബാധകമല്ല.

ലിക്വിഡേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ

97 [5653] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തലത്തിൽ പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങളാണ് ലിക്വിഡേറ്റ് ചെയ്തിട്ടുള്ളതെന്നും മുൻ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനക്ഷമമല്ലാത്തതുമൂലം പിരിച്ചുവിട്ട എത്ര സഹകരണ സംഘങ്ങൾക്കാണ് രജിസ്ട്രേഷൻ നൽകിയത് എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 112 സഹകരണ സംഘങ്ങൾ ലിക്വിഡേഷനിലാകുകയും 198 സംഘങ്ങൾ ലിക്വിഡേഷൻ നടപടി പൂർത്തീകരിച്ച് സഹകരണ നിയമത്തിലെ 74-ാം വകുപ്പുപ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്യുകയുമുണ്ടായിട്ടുണ്ട്. മുൻ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനക്ഷമമല്ലാത്തതുമൂലം പിരിച്ചുവിട്ട യാതൊരു സഹകരണ സംഘങ്ങൾക്കും രജിസ്ട്രേഷൻ നൽകിയിട്ടില്ല.

സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കിലേയും ജീവനക്കാർക്കുവേണ്ടി പെൻഷൻ പദ്ധതി

98 [5654] ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിലേയും ജില്ലാ സഹകരണ ബാങ്കിലേയും ജീവനക്കാർക്കുവേണ്ടി മാത്രം ഒരു പെൻഷൻ പദ്ധതി നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനായി ആലോചനയുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്രപേർ ഉൾപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) 4,667 പേർ.

കൈരളി ടി. വി.-ക്ക് ധനസഹായം നൽകിയ ജില്ലാ സഹകരണ ബാങ്കുകൾ

99 [5655] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, എം. മുരളി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പി. ടി. തോമസ്:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ കൈരളി ടി. വി.- ക്ക് ധനസഹായം നൽകുകയുണ്ടായി;

(ബി) ഇവയിൽ ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ നൽകിയ ധനസഹായത്തിൽ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly